പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4212

13.12.2018 - ൽ മറുപടിക്ക്.

## ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഹയർ പർച്ചേസ് പദ്ധതി

| ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ | മറുപടി<br>**ശ്രീ. ഇ. പി. ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).** |
| --- | --- |
| (എ) കേരളത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ഹയർ പർച്ചേസ് പദ്ധതി പ്രകാരം ഭൂമി സംരംഭകർക്ക് നൽകാറുണ്ടോ ;<br><br>(ബി) എങ്കിൽ എത്ര വർഷം കൊണ്ടാണ് തുക അടച്ച് തീർക്കേണ്ടത് ; | (എ) & (ബി) : വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള വ്യവസായ വികസന ഏരിയ/വികസന പ്ലോട്ട്/ഫങ്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിലെ ഭൂമി 10/06/2013-ന് മുൻപ് ഹയർ പർച്ചേസ് വ്യവസ്ഥയിലാണ് അനുവദിച്ചിരുന്നത്.<br>എന്നാൽ 10/06/2013-ലെ ജി.ഒ.(എം.എസ്) നമ്പർ 60/13/ഐഡി ഉത്തരവ് അനുസരിച്ച് ലീസ് അടിസ്ഥാനത്തിലാണ് ഭൂമി നൽകി വരുന്നത്. |
| (സി) ഭൂമിയുടെ തുക അടവാക്കി കഴിഞ്ഞാൽ പ്രസ്തുത ഭൂമി സംരംഭകന് കൈമാറി നൽകാൻ നിലവിൽ വ്യവസ്ഥയുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ? | (സി) : ഹയർ പർച്ചേസ് വ്യവസ്ഥയിൽ ഭൂമി അനുവദിച്ച് കിട്ടിയവരും നിശ്ചിത സമയപരിധിക്കുള്ളിൽ ഭൂമി വില മുഴുവൻ അടച്ച് തീർക്കുന്നവരുമായ സംരംഭകർക്ക് പട്ടയം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ.

ജക/07/12